# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൻറെ കേരള സന്ദർശനം പുരോഗമിക്കുന്നു. എറണാകുളം സെൻറ് തെരേസാസ് കോളേജിലെ ജൂബിലി ആഘോഷങ്ങളിൽ ഇന്ന് പങ്കെടുക്കും.

   **President Droupadi Murmu's Kerala Visit Underway. Will take part today in the jubilee celebrations at St. Teresa's College, Ernakulam.**

2. റോസ്ഗർ മേളയുടെ പതിനേഴാം പതിപ്പ് ഇന്ന്. 51,000-ത്തിലധികം ഉദ്യോഗാർത്ഥികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നിയമന പത്രങ്ങൾ വിതരണം ചെയ്യും.

   **17th Edition of Rozgar Mela Today. Prime Minister Narendra Modi to distribute appointment letters to over 51,000 candidates.**

3. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള പ്രചാരണം ഊർജിതം. രണ്ടാം ഘട്ടത്തിലേക്കുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയ പരിധി അവസാനിച്ചു.

**Campaigning intensifies for Bihar assembly elections. The deadline for withdrawing nominations for the second phase has ended.**

4. **സായുധ സേനകളുടെ ശേഷി വർധിപ്പിക്കുന്നതിനായി 79,000 കോടി രൂപയുടെ പദ്ധതികൾക്ക് ഡിഫൻസ് അക്വിസിഷൻ കൗൺസിൽ അംഗീകാരം നൽകി .**

**Defence Acquisition Council sanctions proposals worth nearly 79,000 crore rupees to boost Armed Forces' capabilities.**

5. **കേരളത്തിൽ വടക്കൻ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യത. അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.**

**Heavy rain likely in northern districts of Kerala. Orange alert in five districts; fishing banned off the Kerala, Karnataka, and Lakshadweep coasts till Monday.**

6. **ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ന്യൂസിലാൻഡിനെ തകർത്ത് ഇന്ത്യ സെമിയിൽ. സാഫ് ഗെയിംസിന് ഇന്ന് റാഞ്ചിയിൽ തുടക്കം.**

**India enter semifinals in ICC Women's ODI World Cup. SAFF games to begin today in Ranchi.**

❁❁❁❁❁❁❁❁❁❁❁❁❁

¬അറിവ് ആർജിക്കുന്നതിലൂടെ നവീകരണം സാധ്യമാകുമെന്നും അത് സമൂഹത്തെ മുന്നോട്ട് നയിക്കുമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. പാലാ സെന്റ് തോമസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന പരിപാടിയിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. സാക്ഷരത, വിദ്യാഭ്യാസം, വിജ്ഞാനം എന്നിവയുടെ ശക്തിയാണ് മാനവ വികസന സൂചികയിൽ കേരളത്തെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാക്കി മാറ്റിയതെന്നും രാഷ്ട്രപതി പറഞ്ഞു. ¬രണ്ട് വർഷം നീളുന്ന ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ആചരണത്തിൻറെ ഉദ്ഘാടനവും രാഷ്ട്രപതി ശിവഗിരിയിൽ നിർവഹിച്ചു. ജാതി, മത, വർഗ്ഗ ഭേദങ്ങൾക്ക് ഉപരിയായ ദർശനങ്ങൾ ആണ് ശ്രീനാരായണ ഗുരു പകർന്നു തന്നതെന്ന് രാഷ്ട്രപതി പറഞ്ഞു. ഇന്നലെ തിരുവനന്തപുരത്ത് രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണൻറെ അർദ്ധകായ പ്രതിമ രാഷ്ട്രപതി ദ്രൗപദി മുർമു അനാച്ഛാദനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

**PREZ – TODAY (INTRO)**

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാവിലെ കോട്ടയത്തുനിന്ന് കൊച്ചിയിലേക്ക് തിരിക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**PRESIDENT –KOCHI**

രാഷ്ട്രപതിയുടെ കൊച്ചി സന്ദർശനത്തോടനുബന്ധിച്ച് ഇന്ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2.00 മണിവരെ കൊച്ചി സിറ്റി പോലീസ് കമ്മീഷണറേറ്റ് പരിധിയിൽ ഗതാഗത നിയന്ത്രണവും ഡ്രോൺ പറത്തുന്നതിന് നിയന്ത്രണവും ഏർപ്പെടുത്തി. വി.വി.ഐ.പി വാഹന വ്യൂഹം കടന്നു പോകുന്ന വഴിയിൽ ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിലുള്ള വാഹന പാർക്കിംഗ് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട് .

## PM ROZGAR MELA

റോസ്ഗർ മേളയുടെ പതിനേഴാം പതിപ്പ് ഇന്ന്. 51,000-ത്തിലധികം ഉദ്യോഗാർത്ഥികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നിയമന പത്രങ്ങൾ വിതരണം ചെയ്യും. രാജ്യത്തുടനീളമുള്ള 40 ഇടങ്ങളിലായാണ് മേള നടക്കുന്നത്. ചെന്നൈയിൽ നടക്കുന്ന റോസ്ഗർ മേളയിൽ കേന്ദ്ര മന്ത്രിമാരായ എൽ മുരുഗൻ, പ്രതാപ്റാവു ജാതവ്, പങ്കജ് ചൗധരി തുടങ്ങിവർ നിയമന ഉത്തരവുകൾ കൈമാറും. കേരളത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും കോഴിക്കോട് നടക്കുന്ന മേളയിൽ കേന്ദ്ര റെയിൽവേ സഹമന്ത്രി വി സോമണ്ണയും സംബന്ധിക്കും.

## BIHAR ASSEMBLY ELECTIONS

ബിഹാറിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പിൻറെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം ഇന്നലെ അവസാനിച്ചു. ആദ്യ ഘട്ട വോട്ടെടുപ്പ് അടുത്ത മാസം 6-നും

രണ്ടാം ഘട്ടം 11 നും നടക്കും. നവംബർ 14 നാണ് വോട്ടെണ്ണൽ. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്. ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡ ഇന്നലെ ഔറംഗാബാദ് ജില്ലയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. അതേസമയം ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ ആർജെഡി നേതാവ് തേജസ്വി പ്രസാദ് യാദവിനെ മഹാസഖ്യം മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു .

**PM - BIHAR**

രാജ്യം അതിവേഗം വികസിക്കുന്നതായും ഈ വികസന യാത്രയിൽ ബിഹാർ തോളോടു തോൾ ചേർന്ന് മുന്നേറുന്നതായും പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്ര മോദി. മേരാ ബൂത്ത് സമബ്സേ മസ്ബൂത്ത് പരിപാടിയുടെ ഭാഗമായി ബിജെപി-എൻഡിഎ പ്രവർത്തകരെ വിർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബിഹാർ സർക്കാർ കേന്ദ്രത്തെ പോലെ തന്നെ സ്ഥിരതയുള്ളതാണെന്നും ശ്രീ മോദി പറഞ്ഞു.

**DEFENCE ACQUISITION COUNCIL**

സായുധ സേനകളുടെ ശേഷി വർധിപ്പിക്കുന്നതിനായി 79,000 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഡിഫൻസ് അക്വിസിഷൻ കൗൺസിലിൽ അംഗീകാരം നൽകി.

രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. നാഗ് മിസൈൽ ഉൾപ്പെടെയുള്ളവയും വാഹനങ്ങളും വാങ്ങുന്നതിനുള്ള സൈന്യത്തിൻ്റെ ആവശ്യം അംഗീകരിച്ചതായി പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**DPM- RAJNATH SINGH**

ഡിഫൻസ് പ്രൊക്യുർമെന്റ് മാനുവൽ 2025 രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ പുറത്തിറക്കി. -പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ഒരു ലക്ഷം കോടി രൂപയുടെ വരുമാന സംഭരണം സുഗമമാക്കാൻ ലക്ഷ്യമിട്ടുള്ള ഡിപിഎം അടുത്ത മാസം 1 മുതൽ പ്രാബല്യത്തിൽ വരും.

❁❁❁❁❁❁❁❁❁❁❁❁❁

**VAISHNAW-RAILWAYS(INTRO)**

¬റെയിൽവേ സ്റ്റേഷനുകളിലെ ഉത്സവ തിരക്ക് നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രാജ്യത്തുടനീളം മൂന്ന് തലങ്ങളിലുള്ള വാർ റൂമുകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ഛട്ട് ഉത്സവത്തിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ കേന്ദ്രമന്ത്രി വിലയിരുത്തി. എല്ലാ പ്രധാന സ്റ്റേഷനുകളിലും ഒരു മിനി കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ടെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ് വോയിസ് )

❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 127 -ാാം പതിപ്പ് മറ്റന്നാൾ. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും ഇന്ന് വരെ പങ്കുവയ്ക്കാം.

## KERALA RAIN

കേരളത്തിൽ വടക്കൻ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം മുതൽ കാസർകോട് വരെ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## WOMENS WORLD CUP CRICKET

ഇന്ത്യ, ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പ് സെമിയിൽ പ്രവേശിച്ചു. ഇന്നലെ മുംബൈയിൽ നടന്ന കളിയിൽ ന്യൂസിലൻഡിനെ 53 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിഫൈനലിലേക്ക് കുതിച്ചത്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, മഴ കളി തടസ്സപ്പെടുത്തിയതിനാൽ 49 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 340 റൺസ് നേടി. ഡക്ക്വർത്ത്-ലൂയിസ്- മഴ നിയമപ്രകാരം 44 ഓവറിൽ 325 എന്ന പുതുക്കിയ ലക്ഷ്യം പിന്തുടർന്ന

ന്യൂസിലാൻഡിന് നിശ്ചിത ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 271 റൺസ് നേടാനേ കഴിഞ്ഞുള്ളു.

## SAAF GAMES

സാഫ് ഗെയിംസിന് റാഞ്ചിയിലെ ബിർസ മുണ്ട സ്റ്റേഡിയത്തിൽ ഇന്ന് തുടക്കമാകും. 15 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് സാഫ് ഗെയിംസിന് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നത്. ഇന്ത്യ, ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, മാലിദ്വീപ് എന്നിവയുൾപ്പെടെ ആറ് രാജ്യങ്ങളിൽ നിന്നുള്ള ആകെ 206 അത്‌ലറ്റുകൾ 37 ഇനങ്ങളിലായി മത്സരിക്കും. ക്ഷണിച്ചിട്ടുണ്ടെങ്കിലും പാകിസ്ഥാൻ പങ്കെടുക്കുന്നില്ല.

## SCHOOL GAMES

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. 109 സ്വർണ്ണം, 81 വെള്ളി, 110 വെങ്കലം ഉൾപ്പെടെ 968 പോയിന്റുമായാണ് തലസ്ഥാന ജില്ല ഒന്നാം സ്ഥാനത്ത് തുടരുന്നത്. 454 പോയിന്റുമായി തൃശൂർ രണ്ടാമതും 426 പോയിന്റുമായി കണ്ണൂർ മൂന്നാമതുമാണ്. അത്ലറ്റിക്സിൽ 10 ഇനങ്ങൾ പൂർത്തിയായപ്പോൾ 38 പോയിന്റോടെ പാലക്കാട് ആണ് ഒന്നാമത്.

## ANDHRA-BUS ACCIDENT

ആന്ധ്രാപ്രദേശിലെ കർണൂലിൽ സ്വകാര്യ ബസിന് തീപിടിച്ച് 25 ഓളം പേർ മരിച്ചതായി റിപ്പോർട്ട്. ഹൈദരാബാദിൽ നിന്ന് ബെംഗളൂരുവിലേക്ക് പോവുകയായിരുന്ന ബസിനാണ് ഇന്ന്

പുലർച്ചെ തീപിടിച്ചത്. ഏകദേശം 42 പേർ ബസിലുണ്ടായിരുന്നു. അപകടത്തിൽ ബസ് പൂർണ്ണമായും കത്തിനശിച്ചു. പരിക്കേറ്റ യാത്രക്കാരെ ആശുപത്രിയിലേക്ക് മാറ്റി.

## GST-AGRICULTURE

രാജ്യത്ത് നിലവിൽ വന്ന ജിഎസ്ടി പരിഷ്കരണങ്ങൾ കാർഷിക മേഖലയ്ക്ക് ഏറെ ഗുണകരമാകുന്നതായി കേന്ദ്ര സർക്കാർ. വിവിധ കാർഷിക ഉപകരണങ്ങളുടെ ജിഎസ്ടി 12ൽ നിന്നും അഞ്ച് ശതമാനമായി കുറച്ചത് കർഷകർക്ക് ആശ്വാസമേകുന്നു. ജൈവ കീടനാശിനികൾ, വളങ്ങൾ എന്നിവയുടെ ജിഎസ്ടി നിരക്കും കുറച്ചിട്ടുണ്ട്.

## INDIA AND BHUTAN

ഇന്ത്യ ഭൂട്ടാൻ ഉഭയകക്ഷി സുരക്ഷയും, രാജ്യാതിർത്തിയുടെ സുഗമമായ പ്രവർത്തനങ്ങളും സംബന്ധിച്ച 14-ാമത് ഇന്ത്യ-ഭൂട്ടാൻ യോഗം ഭൂട്ടാൻ തലസ്ഥാനമായ തിംഫുവിൽ നടന്നു. മൊബൈൽ സിഗ്നൽ ചോർച്ച, സംയോജിത ചെക്ക്പോസ്റ്റുകൾക്കായുള്ള രൂപരേഖ, അതിർത്തി സ്തംഭങ്ങളുടെ അറ്റകുറ്റപ്പണി, അതിർത്തി കടന്നുള്ള നീക്കം എന്നിവയുൾപ്പെടെയുള്ള വിഷയങ്ങൾ ഇരു രാജ്യങ്ങളും യോഗത്തിൽ അവലോകനം ചെയ്തു.

## RUSSIA - US SANCTIONS

റഷ്യൻ എണ്ണ വ്യവസായത്തിന്മേലുള്ള അമേരിക്ക പ്രഖ്യാപിച്ച പുതിയ ഉപരോധങ്ങൾ യുക്രെയ്ൻ യുദ്ധം

അവസാനിപ്പിക്കാനുള്ള ശ്രമങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് റഷ്യ. ഉപരോധം നേരിടാൻ റഷ്യ ശക്തമായ നടപടികൾ വികസിപ്പിച്ചെടുത്തിട്ടുണ്ടെന്നും, അത്തരം നടപടികൾ റഷ്യയേക്കാൾ ആഗോള സമ്പദ്‌വ്യവസ്ഥയെയാണ് ദോഷകരമായി ബാധിക്കുകയെന്നും റഷ്യൻ വിദേശകാര്യ മന്ത്രാലയ വക്താവ് മരിയ സഖാരോവ പറഞ്ഞു. യുക്രെയ്ൻ പ്രശ്നം പരിഹരിക്കുന്നതിന് യുഎസുമായി സഹകരണം തുടരാൻ റഷ്യ തയ്യാറാണെന്നും അവർ വ്യക്തമാക്കി.